പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുവാനുള്ള മാർഗ്ഗരേഖ

98 [5243] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുവാൻ സർക്കാർ എന്തെങ്കിലും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള ആസൂത്രണ പ്രക്രിയ വിശദീകരിക്കുന്ന മാർഗ്ഗരേഖ 31-5-2003-ലെ ജി.ഒ. (എം.എസ്.) 54/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് ആയി പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വെയ്ക്കുന്നു. †

വ്യക്തിഗത ആനുകൂല്യങ്ങൾക്ക് മാവിലൻ സമുദായത്തേയും ഉൾപ്പെടുത്താൻ നടപടി

99 [5244] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവിലൻ സമുദായത്തെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലെ വ്യക്തിഗത ആനുകൂല്യങ്ങൾക്ക് പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികവർഗ്ഗക്കാർക്കുള്ള പരിഗണന നൽകി ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനാവശ്യമായ ഫണ്ട്, പദ്ധതി സഹായമായി മാവിലൻ വിഭാഗത്തിലെ ജനങ്ങൾ അധിവസിക്കുന്ന പഞ്ചായത്തുകൾക്ക് അനുവദിക്കുമോ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്.

(ബി) അനുവദിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly